I/173539/2024

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

---

ഇ . എച്ച് 1/ 7074/2022/ ആ.വ .ഡ തീയതി: 12-03-2024

**സർക്കുലർ**

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2024 -ലെ പൊതു സ്ഥലംമാറ്റം - സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1 . സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.

2. ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ തീയതി: 05/03/2024

ആരോഗ്യ വകുപ്പിൽ 2024 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശം 2 പ്രകാരം നൽകിയിരുന്ന സർക്കുലറിന്റെ തുടർച്ചയായി സ്പാർക്ക് അപ്ഡേഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്തവയും ജില്ലകൾക്കുള്ളിൽ പരസ്പരം മാറാവുന്നവയുമായ പ്രൊമോഷൻ തസ്തികകൾ ഒരു കേഡറിൽ ഉൾപ്പെടുത്തി ജില്ലാ തല തസ്തികകൾ (DRB) പ്രത്യേകമായി തിരിക്കുന്ന രീതിയിൽ സോഫ്റ്റ് വെയർ ക്രമീകരിച്ചിരിക്കുന്നതിനാൽ ആയതിന് അനുസൃതമായി താഴെപ്പറയുന്ന രീതിയിൽ സ്പാർ ക്കിൽ Sanctioned Post അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ആയതിലേക്കായി എല്ലാ സ്ഥാപന മേധാവികളും താഴെപ്പറയുന്ന തസ്തികകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ ആകെ എണ്ണം ഒരു കേഡറിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഉദാ:- ഒരു സ്ഥാപനത്തിൽ ആകെ JHI Gr.I , JHI Gr.II എന്നീ വിഭാഗങ്ങളിലായി 4 വീതം ആകെ 8 തസ്തികകൾ ഉണ്ടെങ്കിൽ SPARK – Sanctioned Post -ൽ ഇവ രണ്ടും രണ്ട് കേഡറിലാവും നിലവിൽ ഉണ്ടാകുക (JHI Gr.I -4 , JHI Gr.II -4). ആയതിനാൽ ഈ രണ്ട് കേഡറുകളും റദ്ദാക്കി താഴെപ്പറയുന്ന രീതിയിൽ Junior Health Inspector എന്ന ഒരു കേഡറിൽ ആകെ 8 തസ്തികകൾ എന്ന് പുതുതായി എൻട്രി ചെയ്യുക. ഈ കേഡറിലെ മറ്റു Designation-നുകളുടെ എണ്ണം "0" (പൂജ്യം) എന്ന് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ താഴെപ്പറയുന്ന Column-1 -ൽ കാണുന്ന തസ്തികകളിൽ ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം Column-2 -ൽ കാണുന്ന ഒരു കേഡറിൽ ഉൾപ്പെടുത്തി ആകെ Sanctioned Post അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

I/173539/2024

| | (Column -1) Designation | (Column -2) Cadre Name |
|---|---|---|
| 1 | Nursing Officer Gr. I<br>Nursing Officer | Nursing Officer |
| 2 | Junior Health Inspector Gr I<br>Junior Health Inspector Gr II | Junior Health Inspector |
| 3 | Junior PH Nurse Gr I<br>Junior PH Nurse Gr II | Junior PH Nurse |
| 4 | Clerk<br>Senior Clerk | Clerk |
| 5 | Laboratory Technician Senior Grade<br>Laboratory Technician Gr.I<br>Laboratory Technician Gr.II | Laboratory Technician |
| 6 | Pharmacist Gr I<br>Pharmacist Gr II | Pharmacist |
| 7 | Selection Grade Typist<br>Senior Grade Typist<br>UD Typist<br>LD Typist | Typist |

മേൽപ്പറയുന്ന തസ്തികകൾ ഒരു സ്ഥാപനത്തിൽ ഒന്ന് മാത്രമാണുള്ളതെങ്കിലും കോളം 2 -ൽ കാണുന്ന Cadre Name അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

Signed by
Dr Reena K J
Date: 12-03-2024 12:26:53

ഡോ .കെ. ജെ. റീന
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും

പകർപ്പ് : ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്